പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **320**

21.06.2018 ൽ മറുപടിക്ക്

നിർമ്മാണ സാമഗ്രികളുടെ ഇറക്കുമതി

ചോദ്യം

ശ്രീ.പി.കെ.ബഷീർ
ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ.സി.മമ്മൂട്ടി
ശ്രീ.പാറക്കൽ അബ്ദുല്ല

(എ) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ, മെറ്റൽ എന്നീ സാമഗ്രികളുടെ അഭാവം & പരിഹരിക്കുന്നതിനായി ഇവ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ഇറക്കുമതി ചെയ്ത നിർമ്മാണ സാമഗ്രികൾ ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നത്; വിശദാംശം വ്യക്തമാക്കുമോ?

മറുപടി

ശ്രീ. എ.സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പുമന്ത്രി)

(എ) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ, മെറ്റൽ എന്നീ സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിന് കേരള സർക്കാരിന്റെ പ്രത്യേക അനുമതി (ബി) ആവശ്യമില്ല. നിലവിൽ ഏതു വ്യക്തിക്കും ചെറുകിട ധാതുക്കൾ ഇറക്കുമതി ചെയ്ത് വില്പന നടത്താവുന്നതാണ്. ആയതിന് പ്രത്യേക ഏജൻസികളെയൊന്നും സർക്കാർ ചുമതല പ്പെടുത്തിയിട്ടില്ല. കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന ചെറുകിട ധാതുക്കൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലും കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ 20.02.2018 തീയതിയിലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 06.03.2018 തീയതിയിലെ 57/എ 3/2018/വ്യവ നമ്പരായ സർക്കുലർ പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കരിങ്കല്ലും അതിന്റെ ഉല്പന്നങ്ങളും കേരളത്തിലേക്ക് കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ